**നാലാം സ്കന്ദം ആരംഭം**

**ത ഏതേ മുനയ: ക്ഷത്തർല്ലോകാൻ സർഗ്ഗൈരഭാവയൻ**
**ഏഷ കർദ്ദമദൌഹിത്രസന്താന: കഥിതസ്തവ**
**ശൃണ്വത: ശ്രദ്ദധാനസ്യ സദ്യ: പാപഹര: പര: (4-1-46)**

മൈത്രേയൻപറഞ്ഞു:
വിദുരരേ, ഞാൻ മനുവിൻെറ പുത്രിമാരിലൊരാളായ ദേവഹൂതിയുടെ കഥ പറഞ്ഞുവല്ലൊ. മറ്റു രണ്ടു പുത്രിമാരായ ആകൂതി, പ്രസൂതി എന്നിവരിൽ ആകൂതിയെ രുചിക്കു കൊടുത്തു. അവർ ഭഗവൽ ഭക്തിനിരതരായതിനാൽ, ഭഗവാൻ പ്രസന്നനായി സ്വയം അവർക്കു പുത്രനായി ലക്ഷ്മീസമേതം പിറന്നു. വിഷ്ണു യജ്ഞമായും, ലക്ഷ്മി ദക്ഷിണയായും പിറന്നു. അവർക്ക് പന്ത്രണ്ടു പുത്രന്മാരുണ്ടായി. തോഷ, പ്രതോഷ, സന്തോഷ, ഭദ്ര, ശാന്തി, ഇഡസ്പതി, ഇദമ, കവി, വിഭു, സ്വഹ്ന, സുദേവ, രേചന. തുസീത: എന്നറിയപ്പെടുന്ന ഇവർ ധർമ്മദാനസമ്മാനങ്ങളോടെ വേണ്ടപോലെ ചെയ്യുന്ന യജ്ഞത്തിൻെറ ഫലങ്ങളത്രേ.

ദേവഹൂതിയുടെ ഒൻപതു പുത്രിമാരിൽ കല, കശ്യപനും പൂർണ്ണിമയ്ക്കും ജന്മം നൽകി. പൂർണ്ണിമയ്ക്ക് വിരാജ, വിസ്വഗ, ദേവകുല്യ, എന്നീ മക്കളുണ്ടായി. ദേവകുല്യ, ഗംഗ എന്ന പേരിൽ പിന്നീടറിയപ്പെട്ടു. അനസൂയയെ വിവാഹം ചെയ്ത അത്രിമുനി, ഒറ്റക്കാലിൽ ഒരു നൂറുവർഷം അതികഠിനമായ തപസ്സിലേർപ്പെട്ടു. ഭഗവൽരൂപത്തിലുള്ള മക്കൾ ഉണ്ടാവാനായിട്ടാണ് അത്രിമുനി തപസ്സനുഷ്ടിച്ചത്. ത്രിമൂർത്തികൾ -സൃഷ്ടി, സ്ഥിതി, സംഹാരമൂർത്തികൾ- പ്രത്യക്ഷരായി മുനിയോട് പറഞ്ഞു. "മാമുനേ, നിങ്ങളുടെ ആഗ്രഹമെന്തോ അതു നടക്കും. ഞങ്ങൾ മൂവരും അങ്ങയുടെ പുത്രന്മാരായി പിറക്കുന്നതാണ്. അങ്ങയുടെയും തങ്ങളുടേയും മഹിമ പ്രസരിപ്പിച്ചുകൊണ്ട് അവർ ജീവിക്കും." ബ്രഹ്മപ്രഭയാൽ ചന്ദ്രദേവതയും, വിഷ്ണുമഹിമയാൽ ദത്താത്രേയനും, ശിവശക്തിയിൽനിന്നും ദുർവ്വാസാവും അത്രിപുത്രന്മാരായി പിറന്നു. ആഗിരനും ശ്രദ്ധക്കും നാലു പുത്രിമാരും, ഉതസ്യ, ബ്രഹസ്പതി എന്നീ രണ്ടു പുത്രന്മാരും ഉണ്ടായി. പുലസ്ത്യമുനിക്കും ഹവിർഭുവിനും കൂടി രണ്ടു പുത്രന്മാർ. ഒരാൾ അഗസ്ത്യമുനി. മറ്റേയാൾ മാമുനിയായ വിശ്രവൻ. വിശ്രവൻെറ പുത്രനാണ് കുബേരൻ. മറ്റൊരു ഭാര്യയിൽ, വിശ്രവപുത്രൻമാരാണ് രാവണൻ, കുംഭകർണ്ണൻ, വിഭീഷണൻ എന്നിവർ. പുലഹനും ഗതിക്കും കൂടി കർമ്മശ്രേഷ്ഠ, വാരീയാൻ, സഹിഷ്ണു എന്നിവരും കൃതുവിനും ക്രിയക്കും കൂടി വാലഖില്യാ എന്നറിയപ്പെടുന്ന അറുപതിനായിരം ഋഷികളും ഉണ്ടായി. വസിഷ്ടനും ഊർജ്ജക്കും കൂടി ഏഴു പുത്രന്മാർ -ചിത്രകേതു, സുരോചി, വിരാജ, മിത്ര, ഉൽബന, വസുഭ്രദ്യാന, ദ്യുമാൻ- എന്നിവർ. അഥർവനും ശാന്തിക്കും കൂടി ദദീചി. ഭൃഗുവിനും ഖ്യാതിക്കും കൂടി ധാതാ, വിധാതാ എന്നീ പുത്രന്മാരും ശ്രീ, കവി എന്നീ പുത്രിമാരും ഉണ്ടായി. കർദ്ദമൻെറ കുലത്തിലെ പരമ്പരയെപ്പറ്റി കേൾക്കുന്നവരിൽ നിന്നും പാപങ്ങൾ ഒഴിയുന്നു.

മനുവിൻെറ പുത്രി പ്രസൂതിയെ ദക്ഷനു കൊടുത്തു. അവർക്ക് പതിനാറ് പുത്രിമാർ. ദക്ഷൻ തൻെറ പതിമൂന്ന് പുത്രിമാരെ ധർമ്മദേവനു കൊടുത്തു- ശ്രദ്ധ, മൈത്രി, ദയ, ശാന്തി, തുഷ്ടി, പുഷ്ടി, ക്രിയ, ഉന്നതി, ബുദ്ധി, മേധ, തിതിക്ഷ, ഹ്റി, മൂർത്തി. അവർക്ക് ശുഭ, പ്രസാദ, അഭയ, സുഖ, മദ, സ്മയ, യോഗ, ദർപ്പ, അർദ്ധ, സ്മൃതി, ക്ഷേമ, പ്രാശ്രയ എന്നിവരും നരനാരായണന്മാരും മക്കളായി ജനിച്ചു. ഈ നരനാരായണൻമാരാണല്ലൊ ദ്വാപരയുഗത്തിൽ അർജ്ജുനനും ശ്രീകൃഷ്ണനുമായി അവതരിച്ചത്. ദക്ഷൻെറ മറ്റൊരു പുത്രി സ്വാഹയെ അഗ്നിക്ക് കൊടുത്തു. ഇനിയുമൊരു പുത്രിയെ പിതൃക്കന്മാർക്കും ഏറ്റവും ഇളയമകളായ സതിയെ ശിവനും കൊടുത്തു. സതി ചെറുപ്പത്തിലേത്തന്നെ മരിച്ചുപോയി.

ഈ പേരുകളെല്ലാം മന:ശാസ്ത്രപരമായി പ്രാധാന്യമർഹിക്കുന്നവയാണ്. ഈ അദ്ധ്യായം മുഴുവനും ധ്യാനയോഗ്യമത്രെ.